Press Clippings from Sidewalk Petition Drive, India 2004

■ മാത്യു പി എബ്രഹാം

തലസ്ഥാനനഗരിയിലെ അപൂർവമായ
നടപ്പാതകളിലെ കാഴ്ചകൾ എന്താണ്?
ലോകത്തിന്റെ ഏതു പ്രശ്നവും പരിഹരിക്കുന്ന
18 രൂപകൂടുതൽ ചന്ത-വന്ത മോതിരങ്ങളുടെ
ചില്ലറ വ്യാപാരങ്ങൾ...
ആസ്പത്രിയുടെ അരുകിലെത്തിയിൽ
മുഖലക്ഷണം നോക്കി ജനകീയ തട്ടിപ്പ് നടത്തുന്നവർ...
സംഘടിതരായ യാചക വേഷങ്ങൾ...
തലയ്ക്കുമേലുള്ള ആകാശസാധനങ്ങളുടെ
വിലപേശൽ കേന്ദ്രങ്ങൾ...

"എനിക്കെന്തു വേണ്ടത് നടപ്പാത"

ദേശാഭിമാനി
2004 ഫെബ്രുവരി 14 ശനി

മാർഷൽ വി സെബാസ്റ്റ്യൻ

ചീട്ടുപൊളിയുന്ന നഗരതിരക്കിൽ, കാൽനടയാത്രക്കാരുടെ നടപ്പാതകൾ കയ്യേറുന്നതിനെതിരെ ഒറ്റയാൾ പോരാട്ടവുമായി എത്തുകയാണ് 'സൈഡ് വാക്കർമാൻ'. ഇത് മാത്യു പി എബ്രഹാം. 'കാൽനടക്കാർക്ക് നടപ്പാത ഒരുക്കുക' എന്ന മുദ്രാവാക്യവുമായി തലസ്ഥാനനഗരിയിൽ ഒറ്റയാൾ പോരാട്ടത്തിലാണ് ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സിന്റെ മുൻ സംസ്ഥാനസെക്രട്ടറിയായ മാത്യു പി എബ്രഹാം. നഗരത്തിലെ പ്രധാന റോഡുകളിൽ കാൽനടയാത്രക്കാർക്കായി നടപ്പാത വേണമെന്നാവശ്യപ്പെട്ട് കഴിഞ്ഞ ഒരു മാസത്തിനിടയിൽ ഇരുപതിനായിരംപേർ ഒപ്പിട്ട ഭീമഹർജി 'സൈഡ് വാക്കർമാൻ' മുഖ്യമന്ത്രിക്ക് നൽകി. സ്റ്റാച്ച്യു–ജനറൽ ആശുപത്രിറോഡ്, സ്പെൻസർ ജങ്ഷൻ– ആയുർവേദ കോളേജ് റോഡ്, തമ്പാനൂർ ജങ്ഷൻ–മോഡൽസ്കൂൾ റോഡ്, അമ്പലമുക്ക് –പേരൂർക്കട റോഡ്, പേട്ട റെയിൽവേ ഓവർബ്രിഡ്ജ് – ചാക്ക റോഡ് എന്നിവിടങ്ങളിൽ അടിയന്തരമായി നടപ്പാത ഒരുക്കണമെന്നാണ് മാത്യുവിന്റെ ആവശ്യം. ഇതിനായി സമാനമനസ്കരെ കണ്ടെത്താനായി രാവിലെ മുതൽ വൈകിട്ടുവരെ റോഡരുകിൽ നിന്ന് കാൽനടയാത്രക്കാരുടെ ഒപ്പുകൾ ശേഖരിക്കും. നടപ്പാതകളിലെ വാഹന പാർക്കിങ് നിരോധിക്കുക, വഴിയോര വാണിഭം നിയന്ത്രിക്കുക, ട്രാഫിക് നിയമങ്ങൾ സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കുക തുടങ്ങിയ ആവശ്യങ്ങളും ഇദ്ദേഹം ഉന്നയിക്കുന്നു.

കാൽനടയാത്രക്കാരുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനുള്ള 'സൈഡ്വാക്കർമാൻറ' ആദ്യപോരാട്ടം യൂണൈറ്റഡ് സ്റ്റേറ്റ്സിലെ ന്യൂജേഴ്സി ജില്ലറ്റിലാണ്. കാൽനടപ്പാത വേണമെന്നാവശ്യപ്പെട്ട് 'മാസ് പെറ്റീഷൻ ഫോർ സൈഡ്വാക്ക്' എന്ന ബാനറുമായി ഇദ്ദേഹം ഇവിടെ സമരം തുടങ്ങി. 928 വഴിയാത്രക്കാരുടെ ഒപ്പുശേഖരിച്ച് ടൗൺഷിപ്പ് മേയർക്ക് നൽകി. ടൗൺഷിപ്പ് യോഗം ചേർന്ന് രണ്ടുമൈൽ ദൂരം പ്രത്യേക നടപ്പാത രൂപീകരിക്കുവാൻ തീരുമാനമായി. അമേരിക്കൻ മാധ്യമങ്ങളായ 'ദ സ്റ്റാൾ ലെഡ്ജർ', 'എക്കോസ്–സെൻറിനൽ' എന്നിവ മാത്യുവിന്റെ ഒറ്റയാൾ പോരാട്ടത്തെ 'സൈഡ് വാക്കർമാൻറെ' വിജയമെന്ന് വിശേഷിപ്പിച്ചു.

തിരുവനന്തപുരം കുടപ്പനക്കുന്ന് സ്വദേശിയായ മാത്യു പി എബ്രഹാമിന്റെ കുടുംബം ഇപ്പോൾ താമസിക്കുന്നത് സ്റ്റേറ്റ്സിലെ ജില്ലറ്റിലാണ്. 1986ൽ ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സിന്റെ സംസ്ഥാന സെക്രട്ടറിയായി ഉദ്യോഗജീവിതം അവസാനിപ്പിച്ച മാത്യു, ഇപ്പോൾ മുഴുവൻസമയ സാമൂഹ്യപ്രവർത്തകനാണ്. കുടപ്പനക്കുന്നിലെ ഫ്രീമാൻസ് ക്ലബ്, സാമൂഹ്യ തിന്മകൾക്കെതിരെ പ്രതികരിക്കുന്ന 'യുവചൈതന്യ' തുടങ്ങിയവയുടെ സജീവ സാന്നിധ്യമാണ് ഇദ്ദേഹം.

വർഷത്തിൽ പകുതി യുഎസ്എയിൽ ചിലവഴിക്കുന്ന ഇദ്ദേഹം ഇത്തവണ മടങ്ങിപ്പോകും മുമ്പ് മറ്റൊരു സമരത്തിനുള്ള തയ്യാറെടുപ്പിലാണ്. സ്റ്റാച്ച്യു ജങ്ഷനിൽ ഫ്ളൈഓവർ സ്ഥാപിക്കുക, വെയിറ്റിങ് ഷെഡ് അനുവദിക്കുക, കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് സെക്രട്ടറിയറ്റിന് മുന്നിൽ സത്യഗ്രഹസമരം.

ബജറ്റിൽ സംസ്ഥാന ഗവർമെണ്ട് നാലുകോടി രൂപ അനുവദിച്ചതിലൂടെ നടപ്പാതകളുടെ നിർമാണം ഉടൻ ആരംഭിക്കുമെന്ന പ്രതീക്ഷയിലാണ് മാത്യു. കാലതാമസം നേരിട്ടാൽ വീണ്ടും ഭീമഹർജികളുമായി രംഗത്തുവരുമെന്ന് 'സൈഡ് വാക്ക് മാൻ" പറയുന്നു.

LIFE 2 ... THE HINDU, Thursday, January 8, 2004

Making out a case for pedestrians

MATHEW ABRAHAM is a sprightly 72-year-old, who loves to go on daily walk. He quit driving long ago and exploring the city on foot is an activity he enjoys. But these days, Abraham is not very keen on doing that because the city roads have been becoming progressively dangerous for the pedestrians, especially for senior citizens, he feels.

But he does not intend to leave the matter at that, nor is he willing to give up his walk.

On Wednesday, on the Statue-General Hospital Road in the city, passers by watched curiously the silver-haired, nattily dressed gentleman standing in the baking hot sun, surrounded by posters and banners on road safety, trying to solicit the support of people on the need for a safe passage way for the pedestrians on city roads.

This is an individual initiative that this senior citizen has taken up during the Road Safety Week, a mass signature campaign to create awareness on the need for more safety measures for pedestrians and to press the authorities to construct sidewalks in all the major city streets.

Abraham's strategy was to address people individually and to persuade them to affix their signatures on a petition demanding footpaths on all roads. Not that anyone needed much convincing, for the busy Statue-General Hospital Road, where pedestrians, vehicles and wayside vendors constantly jostle for space, sorely lacks a sidewalk.

And no, he does not think that he is wasting his time and energy; he believes that every individual can make a difference in society, if he wants to. He should know, for it took this spirited senior citizen from Kerala to convince the township of Long Hill, New Jersey, in the U.S. that the residents required a sidewalk.

After his retirement from service in 1986 as the Joint Secretary and the former State Secretary of Bharat Scouts and Guides, Abraham has been spending most of his time in the U.S. where all his sons are settled. It was in 2002 that he moved to Long Hill along with his son.

While he liked the beautiful township, there was one problem that he encountered daily. A portion of the main road where he used to go for regular morning strolls had no sidewalk. With hardly any space to walk and with cars whizzing past at high speeds, this senior citizen found it difficult to get around, especially when there was snow.

"I spoke to a few others like me in the locality and found that this was a common problem. That's how I thought of organising a signature campaign among the residents to press the county administration for building sidewalks," he says.

He would stand outside the local supermarket for four hours every day, with a placard that said "mass petition for a pedestrian walkway".. "It was a tough task, convincing residents because they were not familiar with concepts like a 'mass petition'. In two weeks, I could gather more than 700 signatures ," he says.

The residents and the local media supported him overwhelmingly, following which the county Mayor, Suzanne Dapkins, invited him to present his case at a meeting of the township committee in last August. Back in his hometown for a short while, he finds the city more crowded and busier than ever. Apart from the Statue-GH Road, he has identified a few areas in the city that, according to him, are quite unsafe for pedestrians.

"In the stretch from Spencer junction to Ayurveda College, from Model School to Thampanoor junction and along the Peroorkada-Kaudiar and Pettah-Chacka stretches, there are no sidewalks. During the Road Safety Week, I hope I can draw the attention of authorities to this problem", he says.

He says that he is thoroughly enthused by the response of people today. He proposes to submit the mass petition to the Chief Minister.

By C. Maya
Photo: C. Ratheesh Kumar

Soliciting support

2 ... THE HINDU, Thursday, April 8, 2004 LIFE

He fights for footpaths

HE HAD been nicknamed the "Sidewalk man" in the U.S. Mathew P.Abraham, an elderly Keralite, had earned this sobriquet after he successfully launched a campaign in New Jersey in the U.S. for the protection of the rights of pedestrians.

Several areas in New Jersey had no provision for footpaths for the exclusive use of pedestrians. Single-handedly, he took up a signature campaign to prevail upon the authorities concerned to ensure that sidewalks were provided for the benefit of pedestrians. And he succeeded in the end and for him a nickname that was perhaps the manifestation of the love and regard the local residents of that place had for him.

His next mission was to try out the same modus operandi in his native State of Kerala and in its capital city, Thiruvananthapuram.

Thus was launched his one-man crusade for collecting signatures demanding of the authorities to provide footpaths for pedestrians who remain a grossly neglected lot. He met as many people as he could, visited the schools in the city to create an awareness among the students on traffic rules and also to collect their signatures. Mr.Mathew believes that his attempt has not been futile.

The authorities seem to be convinced of the demand. Or, at least the Chief Minister is, he says. A memorandum appended with the signatures that he had collected was presented to the Chief Minister.

What he has suggested is that footpaths be constructed wherever possible or to cover up the drainage on either side of the road with concrete slabs and that the electric and telephone posts causing obstructions to pedestrians be removed.

By J. Ajeth Kumar

മലയാള മനോരമ 2004 ജനുവരി 7 ബുധൻ

നടപ്പാതകൾക്കു വേണ്ടി 'സൈഡ് വാക്ക്മാൻ'

തിരുവനന്തപുരം: അമേരിക്കയിൽ 'സൈഡ് വാക്ക്മാൻ' എന്നു പേരു ലഭിച്ച മാത്യു പി. എബ്രഹാം. ഇവിടെയും പ്രക്ഷോഭത്തിനു തുടക്കം കുറിക്കുന്നു. റോഡിൽ നടപ്പാത നിർമിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിക്കു ഭീമ ഹർജി നൽകുന്നതിനായി ഇന്ന് അദ്ദേഹം സ്റ്റാച്ച്യു – ജനറൽ ആശുപത്രി റോഡിൽ രാവിലെ 11ന് ജനങ്ങളിൽ നിന്ന് ഒപ്പു ശേഖരണം ആരംഭിക്കും.

റോഡ് സുരക്ഷാ വാരത്തോടനുബന്ധിച്ചാണ് നഗരത്തിലെ കാൽനടക്കാരുടെ പ്രശ്നങ്ങൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. മാത്യു അമേരിക്കയിൽ താമസിക്കുമ്പോൾ അവിടെയുള്ള ഒരു റോഡിൽ നടപ്പാത നിർമിക്കുന്നതിനുവേണ്ടി പൊതുജനങ്ങളിൽനിന്ന് ഒപ്പു ശേഖരിച്ച് അമേരിക്കൻ ഭരണാധികാരികൾക്കു നൽകിയിരുന്നു. മാധ്യമങ്ങൾ പ്രാധാന്യം നൽകി ഈ വാർത്ത പ്രസിദ്ധീകരിച്ചു. ഒരു ദശാബ്ദത്തിനുശേഷം മാത്യുവിന് 'സൈഡ് വാക്ക് മാൻ' എന്ന പേരും നൽകി.

ഇവിടെ 'നടപ്പാത കാൽനടയാത്രക്കാർക്ക്' എന്ന മുദ്രാവാക്യവുമായാണ് മാത്യു പ്രക്ഷോഭരംഗത്തിറങ്ങുന്നത്. സ്റ്റാച്ച്യു–ജനറൽ ആശുപത്രി റോഡിൽ നടപ്പാതയില്ലാത്തതിനാൽ രോഗികളും വിദ്യാർഥികളും ഉൾപ്പെടെയുള്ളവർ ഏറെ കഷ്ടപ്പെടുന്നുണ്ടെന്ന് മാത്യു പറഞ്ഞു.

സർക്കാർ സർവീസിലെ ജോയിന്റ് സെക്രട്ടറിയായി വിരമിച്ച മാത്യു സ്കൗട്ട്സ് ആൻഡ് ഗൈഡ്സിന്റെ സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചിരുന്നു.

2004 ജനുവരി 8 വ്യാഴം TVM TV 3

നടപ്പാതക്കായി 'സൈഡ് വാക്ക്മാൻ' ഒപ്പ് ശേഖരിക്കുകയാണ്.....

തിരുവനന്തപുരം: അമേരിക്കയിൽ നടപ്പാതക്ക് വേണ്ടി ഒപ്പു ശേഖരണം നടത്തി 'സൈഡ് വാക്ക്മാൻ' എന്ന പേര് ലഭിച്ച മാത്യു പി. എബ്രഹാം ഇതേ ആവശ്യമുന്നയിച്ച് തിരുവനന്തപുരത്തും ഒപ്പ് ശേഖരണം ആരംഭിച്ചു. റോഡുകളിൽ നടപ്പാത നിർമിക്കണമെന്നും കാൽനടക്കാർക്ക് സുരക്ഷിതത്വം ഉറപ്പാക്കണമെന്നുമുള്ള ആവശ്യങ്ങളുമായാണ് സ്റ്റാച്ച്യുവിൽ അദ്ദേഹം ഒപ്പ് ശേഖരണം ആരംഭിച്ചത്. മുഖ്യമന്ത്രിക്ക് ഭീമഹരജി സമർപ്പിക്കാനാണ് ഒപ്പുശേഖരണമെന്ന് മാത്യു പറഞ്ഞു.

മാത്യു.പി എബ്രഹാം സ്റ്റാച്ച്യുവിൽ ഒപ്പുശേഖരിക്കുന്നു

മാധ്യമം

മലയാള മനോരമ 2004 ജനുവരി 8 വ്യാഴം

നടപ്പാതയ്ക്കായി ഒപ്പ് ശേഖരണം

തിരുവനന്തപുരം: 'നടപ്പാത കാൽനടക്കാർക്ക്' എന്ന മുദ്രാവാക്യമുയർത്തി നഗരത്തിലെ പ്രധാന റോഡുകളിൽ കാൽനടക്കാരുടെ ബുദ്ധിമുട്ട് പരിഹരിക്കണമെന്നാവശ്യപ്പെട്ട് അമേരിക്കയിൽ 'സൈഡ് വാക്ക്മാൻ' എന്ന പേരു ലഭിച്ച കുടപ്പനക്കുന്ന്, എം. എൽ. എ റോഡ്, ഷാരോണിൽ മാത്യു പി. എബ്രഹാം ഒപ്പുശേഖരണയജ്ഞം ആരംഭിച്ചു.

നഗരത്തിലെ തിരക്കേറിയ പ്രദേശങ്ങളായ സ്റ്റാച്ച്യു–ജനറൽആശുപത്രി റോഡ്, സ്പെൻസർ ജംക്ഷൻ മുതൽ (സെക്രട്ടേറിയറ്റ് ഒഴികെ) ആയുർവേദ കോളജ് വരെയുള്ള റോഡ്, തമ്പാനൂർ ജംക്ഷൻ മുതൽ മോഡൽ സ്കൂൾ വരെയുള്ള റോഡ്, അമ്പലമുക്ക്–പേരൂർക്കട റോഡ്, പേട്ട റയിൽവേ മേൽപ്പാലം– ചാക്ക റോഡ് എന്നിവിടങ്ങളിൽ അടിയന്തരമായി നടപ്പാത നിർമിക്കണമെന്നാണ് ആവശ്യം. കൂടാതെ തിരക്കേറിയ മറ്റു റോഡുകളിലും നടപ്പാത നിർമിക്കണമെന്ന ആവശ്യവുമുണ്ട്.

ഈ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ഒരുമാസംകൊണ്ട് ഒരുലക്ഷം ഒപ്പ് ശേഖരിച്ചു ഫെബ്രുവരിയിൽ മുഖ്യമന്ത്രിക്ക് ഭീമഹർജി നൽകും. വകുപ്പുമന്ത്രി, മേയർ എന്നിവർക്കും ഇതിന്റെ പകർപ്പുകൾ സമർപ്പിക്കുന്നുണ്ട്.

സ്റ്റാച്ച്യു–ജനറൽ ആശുപത്രി റോഡിൽ പൊതുജനങ്ങളിൽ നിന്ന് ഒപ്പു ശേഖരിച്ചുകൊണ്ടാണ് പരിപാടിക്കു തുടക്കമിട്ടത്. മൂന്നുദിവസം ഇവിടെയുണ്ടാകും. തുടർന്നു സ്പെൻസർ ജംക്ഷൻ–ആയുർവേദ കോളജ് റോഡ്, തമ്പാനൂർ ജംക്ഷൻ, അമ്പലമുക്ക്–പേരൂർക്കട റോഡ്, ചാക്ക എന്നിവിടങ്ങളിൽ നിന്ന് ഒപ്പ് ശേഖരിക്കും. ഈ ഭാഗത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഒപ്പ് ശേഖരിക്കാൻ പദ്ധതിയുണ്ട്.

റോഡ് സുരക്ഷാവാരം ആഘോഷിക്കുന്നവേളയിൽ കാൽനടക്കാരുടെ പ്രശ്നങ്ങൾ അധികാരികളുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനാണ് മാത്യു ഒപ്പുശേഖരണവുമായി നിരത്തിലിറങ്ങിയത്.

മാത്യു അമേരിക്കയിൽ താമസിക്കുമ്പോൾ അവിടെയുള്ള ഒരു റോഡിൽ നടപ്പാത നിർമിക്കുന്നതിനുവേണ്ടി പൊതുജനങ്ങളിൽ നിന്ന് ഒപ്പു ശേഖരിച്ച് ഭരണാധികാരികൾക്കു നൽകിയിരുന്നു. ഈ വാർത്ത പ്രസിദ്ധീകരിച്ച ഒരു ദിനപ്പത്രമാണ് മാത്യുവിനു 'സൈഡ് വാക്ക്മാൻ' എന്ന പേരു നൽകിയത്.

സ്റ്റാച്ച്യു–ജനറൽ ആശുപത്രി റോഡിൽ ഒപ്പ് ശേഖരിക്കുന്നതിനു ട്യൂട്ടേഴ്സ് ലെയ്ൻ റസിഡന്റ്സ് അസോസിയേഷനും മാത്യുവിനൊപ്പം സഹകരിക്കുന്നുണ്ട്.

തിരക്കേറിയ റോഡുകളിൽ കാൽനടക്കാർക്കായി നടപ്പാത നിർമിക്കണമെന്നാവശ്യപ്പെട്ട് മാത്യു.പി.എബ്രഹാം,സ്റ്റാച്ച്യു–ജനറൽ ആശുപത്രി റോഡിൽ പൊതുജനങ്ങളിൽ നിന്ന് ഒപ്പുശേഖരണം നടത്തുന്നു.

റോഡ് സുരക്ഷാ വാരത്തോടനുബന്ധിച്ച് നഗരത്തിലെ കാൽനടക്കാരുടെ പ്രശ്നങ്ങൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ട്. അതിനെറ തുടക്കമെന്ന നിലയിൽ ഒപ്പ് ശേഖരണത്തിനായി മാത്യു തെരഞ്ഞെടുത്തത് കാൽനടക്കാർക്ക് ഏറ്റവും ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന സ്റ്റാച്ച്യു– ജനറൽ ആശുപത്രി റോഡാണെന്നതും ശ്രദ്ധേയമായി. അമേരിക്കയിലെ ജില്ലറ്റിൽ മകനോടൊപ്പം താമസിക്കുമ്പോൾ നടപ്പാതക്കുവേണ്ടി ഒപ്പ് ശേഖരണം നടത്തി മാത്യു പി. എബ്രഹാം എന്ന 73 കാരൻ ജനശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. മാധ്യമങ്ങൾ വളരെ പ്രാധാന്യത്തോടെ ഈ വാർത്ത പ്രസിദ്ധീകരിക്കുകയും ഒരു പത്രം 'സൈഡ് വാക്ക്മാൻ' എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കുകയും ചെയ്തു.

തിരുവനന്തപുരത്ത് രാജഭരണകാലത്ത് നിർമിച്ച റോഡുകൾക്ക് വർധിച്ച ഗതാഗത സമ്മർദ്ദത്തെ താങ്ങുവാൻ കഴിയുന്നില്ല. ഇതുമൂലം ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്നത് കാൽനടക്കാരാണെന്ന് മാത്യു പറഞ്ഞു. സ്റ്റാച്ച്യു– ജനറൽ ആശുപത്രി റോഡ് രോഗികളും ഓഫീസ് ജീവനക്കാരും ഉൾപ്പെടെ നിരവധി പേർ യാത്ര ചെയ്യുന്ന പാതയാണ്. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതുൾപ്പെടെയുള്ള കാരണങ്ങളാൽ കാൽനടയാത്ര ദുരിത പൂർണമാണിവിടെ. അതിനാൽ ഈ റോഡിൽ നടപ്പാതയുണ്ടാകേണ്ടത് അത്യാവശ്യമാണെന്ന് മാത്യു പറഞ്ഞു.

ഇന്നലെ രാവിലെ 11 മണിയോടെയാണ് ഒപ്പ് ശേഖരണം ആരംഭിച്ചത്. സ്ത്രീകളും വൃദ്ധരും ഉൾപ്പെടെ നിരവധി പേർ ഒപ്പിടലിൽ പങ്കുകൊണ്ടു. വരും ദിവസങ്ങളിലും ഒപ്പ് ശേഖരണം തുടരാനാണ് കുടപ്പനക്കുന്നിൽ താമസക്കാരനായ മാത്യു ഉദ്ദേശിക്കുന്നത്.

1986 ൽ സംസ്ഥാന സർക്കാറിന്റെ ജോയിന്റ് സെക്രട്ടറിയായി സർവീസിൽ നിന്ന് വിരമിച്ച ശേഷം മാത്യു ഭാരത് സ്കൗട്ട്സ് ആൻറ് ഗൈഡ്സിന്റെ സംസ്ഥാന സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. പ്ലാദിവസവും മൂന്ന് മണിക്കൂ ം ഇദ്ദേഹം നടക്കാറുണ്ട്. 198: ന് ശേഷം താൻ ഒരു വാഹനവും ഓടിക്കാറില്ലെന്നും നടക്കാനാണ് കൂടുതൽ താൽപര്യമെന്നും അദ്ദേഹം പറഞ്ഞു.